6. കേരളാ ഇലക്ട്രിക് ലാംപ് വർക്സ്, അത്താണി

12-3-1986-ൽ ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, ആലുവ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പ്രശ്നം ഒത്തുതീർപ്പായിട്ടില്ല.

7. ഇൻഡ്യൻ ട്രാസ്ഫോമേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, കളമശ്ശേരി

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, ആലുവയുടെ അനുരഞ്ജന ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന്, റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും പ്രശ്നം ഒത്തുതീർപ്പായിട്ടില്ല. അടുത്ത കോൺഫറൻസ് 25-3-1986-ലേക്ക് വച്ചിരിക്കുകയാണ്.

(ഡി) പ്രസ്തുത ഫാക്ടറികളും എന്നത്തേക്ക് തുറന്നു പ്രവർത്തിക്കുവാൻ കഴിയും എന്നതിനെ സംബന്ധിച്ച് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കൈത്തറി തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

* 105 [110] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ വിശദാംശങ്ങൾ നിശ്ചയിച്ചുകഴിഞ്ഞോ ; നിശ്ചയിച്ചു കഴിഞ്ഞെങ്കിൽ ആ പദ്ധതി എന്നുമുതൽ നടപ്പിൽവരും ;

(ബി) പ്രതിവർഷം എന്തുതുകയാണ് ഈ ക്ഷേമപദ്ധതികൾക്കു വേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കൈത്തറി തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി 1983-84 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി. പുതിയ ക്ഷേമപദ്ധതികൾ ഒന്നും തന്നെ പരിഗണനയിലില്ല.

(ബി) നിലവിലുള്ള പദ്ധതിയനുസരിച്ച് അർഹതയുള്ള അപേക്ഷകർക്കെല്ലാം സാമ്പത്തികസഹായം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രതിവർഷം ചെലവാക്കേണ്ട തുക തിട്ടപ്പെടുത്താനാവില്ല.

പഞ്ചായത്തുകൾക്കു ലഭിക്കേണ്ട നികുതി

* 106 [111] ശ്രീ. കെ. റ്റി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ തീയേറ്റർ ഉടമകളും ചില പഞ്ചായത്തുദ്യോഗസ്ഥൻമാരും ചേർന്നു നടത്തുന്ന ക്രമകേടുകൾ മൂലം പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതി വരുമാനം നഷ്ടപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു തടയാൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly